# STD - III

## അദ്ധ്യാപക സഹായി

## പാഠം - ഏഴ്    മറിയം - സഭയുടെ മാതാവ്  ഭാഗം - ഒന്ന്

### ലക്ഷ്യം

മറിയം സഭയുടെ മാതാവാണ്. എന്റെയും മാതാവാണ്. ഞാൻ പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ഈശോയുടെ പക്കലേക്ക് നടക്കും. വിശുദ്ധിയിൽ വളരും.

### പഠനസഹായികൾ

* കോഴിക്കുഞ്ഞുങ്ങളെ പരുന്തിൽ നിന്നു രക്ഷിക്കുന്ന തള്ളക്കോഴിയുടെ വീഡിയോ
* മാതാവിന്റെ ദർശനങ്ങളുടെ വീഡിയോ
* മാതാവിന്റെ വിവിധ ചിത്രങ്ങളും പേരുകളും
* മാതാവിന്റെ സ്വർഗ്ഗാരോപണം വീഡിയോ
* സെഹിയോൻ ഊട്ടുശാലയിലെ മാതാവ് (പെന്തക്കോസ്താദിനം) - വീഡിയോ
* CCC - 963, 975 - (ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടെയും അമ്മയാണ്)
* CCC - 964 - (കുരിശിൻ ചുവട്ടിലെ മാതാവ്)
* CCC - 966 - (മാതാവിന്റെ സ്വർഗാരോപണം)

### പാഠത്തിന്റെ ഉള്ളടക്കം

* നമ്മുടെ സ്വർഗ്ഗീയ അമ്മയാണ് പരിശുദ്ധ മറിയം
* സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ലളിത ജീവിതത്തിന്റേയും വിനയത്തിന്റേയും മാതൃകയാണ് മറിയം.
* പരിശുദ്ധ മറിയത്തിന്റെ സാന്നിധ്യം അപ്പോസ്തലന്മാർക്ക് ശക്തിയും ധൈര്യവും നൽകി.
* 'ഇതാ, നിന്റെ അമ്മ' എന്ന് യോഹന്നാനോടും 'ഇതാ, നിന്റെ മകൻ' എന്ന് അമ്മയോടും യേശു കുരിശിൽ കിടന്ന് പ്രാണൻ വെടിയുന്നതിനുമുമ്പ് പറഞ്ഞു.
* മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി 12-ാം പീയൂസ് മാർപ്പാപ്പ 1950 നവംബർ 1-ന് പ്രഖ്യാപിച്ചു.
* മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഗസ്റ്റ് 15-ാം തീയതി ആഘോഷിക്കുന്നു.
* ഈശോയുടെ സ്വർഗ്ഗാരോഹണവും മറിയത്തിന്റെ സ്വർഗ്ഗാരോപണവും മനുഷ്യന്റെ സ്വർഗപ്രവേശനത്തിന്റെ മുന്നോടിയാണ്.

## പ്രാർത്ഥന

പരിശുദ്ധ അമ്മയുടെ കരം പിടിച്ചുകൊണ്ട് ഈശോയിലേക്ക് വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. മറിയം നമുക്കുതരുന്ന മാതൃകകൾ എന്തെല്ലാമാണ്?
2. കുരിശിൽ കിടന്നുകൊണ്ട് യോഹന്നാനെ ചൂണ്ടിക്കാണിച്ച് ഈശോ മാതാവിനോട് പറഞ്ഞത് എന്ത്?
3. നമ്മുടെ സ്വർഗ്ഗീയ അമ്മ ആര്?
4. അപ്പോസ്തലന്മാർക്ക് മനോധൈര്യം പകർന്നതാര്?
5. മനുഷ്യന്റെ സ്വർഗപ്രവേശനത്തിന്റെ മുന്നോടി എന്താണ്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - ഏഴ്     മറിയം - സഭയുടെ മാതാവ്  ഭാഗം - രണ്ട്

### ലക്ഷ്യം

രക്ഷാകര രഹസ്യങ്ങളിലൂടെ ഈശോയുടെ പക്കലേക്കുള്ള നമ്മുടെ തീർത്ഥയാത്രയാണ് ജപമാല. ഞാൻ എന്നും കുടുംബപ്രാർത്ഥനയിൽ പങ്കുകൊള്ളുകയും ഭക്തിയോടും സ്നേഹത്തോടും ജപമാല ചൊല്ലുകയും ചെയ്യും.

### പഠനസഹായികൾ

* ജപമാല:- YOUCAT - Page No. 266 (ജപമാല - റോസറി)
* YOUCAT - Page No. 265 (ജപമാല നമസ്കാരം - വി. ജോൺ പോൾ രണ്ടാമൻ പാപ്പാ)
* ജപമാല രഹസ്യങ്ങളുടെ ചിത്രങ്ങൾ (Images of Rosary mysteries- google)
* ഫാദർ പാട്രിക് പെയ്റ്റണിന്റെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* കുടുംബ പ്രാർത്ഥന
* കുടുംബ കൊന്തയുടെ സ്ഥാപകൻ - ഫാ. പാട്രിക് പെയ്റ്റൺ സിഎസ്സി
* ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കുന്നു (ഫാ. പാട്രിക് പെയ്റ്റൺ - ജപമാല പുരോഹിതൻ)
* ജപമാലയുടെ മറ്റൊരു പേരാണ് 'കൊന്ത'
* വിശുദ്ധിയിൽ വളരാൻ ജപമാല സഹായിക്കുന്നു
* ഒക്ടോബർ മാസമാണ് ജപമാലമാസം
* മറിയം സഭയുടെ മാതാവാണ്
* മറിയം നമ്മെ സംരക്ഷിക്കുന്നു
* പരിശുദ്ധ അമ്മ നമ്മെ ഈശോയിലേക്ക് കൈപിടിച്ച് നടത്തുന്നു.
* ജോൺ പോൾ രണ്ടാമൻ പാപ്പയാണ് 'പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ' കൂട്ടിച്ചേർത്തത്.
* ജപമാലയുടെ ദിവ്യരഹസ്യങ്ങൾ ചിത്രങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു.
* ജപമാല ചൊല്ലേണ്ടവിധം പഠിപ്പിക്കുന്നു.

## പ്രാർത്ഥന

പരിശുദ്ധ അമ്മേ, എന്നും കുടുംബപ്രാർത്ഥനയിൽ പങ്കുകൊള്ളുന്നതിനും ഭക്തിയോടും സ്നേഹത്തോടും കൂടി ജപമാല ചൊല്ലുന്നതിനും എന്നെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. എന്താണ് ജപമാല?
2. ജപമാലയിലെ ദിവ്യരഹസ്യങ്ങൾ എത്ര? അവ ഏതെല്ലാം?
3. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ കൂട്ടിച്ചേർത്ത പാപ്പ ആര്?
4. വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നത് എന്താണ്?
5. സന്ധ്യാനേരത്ത് ദേവാലയമണി മുഴങ്ങുമ്പോൾ കുടുംബാംഗങ്ങൾ എല്ലാം ഒരുമിച്ച് ഇരുന്ന് അനുഷ്ഠിച്ചു വരുന്ന ക്രൈസ്തവ പാരമ്പര്യം എന്താണ്?